## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 12.11.2025**

## പ്രധാനവാർത്തകൾ

1) ഡൽഹി സ്ഫോടനത്തിൽ പരിക്കേറ്റവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആശുപത്രിയിൽ സന്ദർശിച്ചു. രാജ്യത്ത് സുരക്ഷ ശക്തം.

2) ബോട്സ്വാനയും ഇന്ത്യയും തമ്മിലുള്ള ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

3) സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മറ്റന്നാൾ പ്രസിദ്ധീകരിക്കും. തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ എന്യൂമറേഷൻ ഫോം വിതരണം പുരോഗമിക്കുന്നു.

4) വായു മലിനീകരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ആരോഗ്യ സുരക്ഷാ മാർഗനിർദേശം പുറപ്പെടുവിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം. പ്രത്യേക ചെസ്റ്റ് ക്ലിനിക്കുകൾ സ്ഥാപിക്കാൻ നിർദേശം.

5) സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്

RNU TVPM

******************

<u>പ്രധാനമന്ത്രി-ആശുപത്രി സന്ദർശനം</u>

ഡൽഹി സ്ഫോടനത്തിൽ പരിക്കേറ്റവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആശുപത്രിയിൽ സന്ദർശിച്ചു. രണ്ട് ദിവസത്തെ ഭൂട്ടാൻ സന്ദർശനം പൂർത്തിയാക്കി ഡൽഹിയിൽ മടങ്ങിയെത്തിയ ഉടനെയാണ് പ്രധാനമന്ത്രി പരിക്കേറ്റവർ ചികിത്സയിൽ കഴിയുന്ന ലോക് നായക് ജയ് പ്രകാശ് നാരായൺ ആശുപത്രിയിലെത്തിയത്.

പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെ എന്ന് പ്രധാനമന്ത്രി ആശംസിച്ചു.

*******************

<u>ഡൽഹി സ്ഫോടനം</u>

ഡൽഹി സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്ത് കർശന സുരക്ഷ തുടരുന്നു. പ്രധാന വിമാനത്താവളങ്ങൾ, റെയിൽവെ സ്റ്റേഷൻ, പൊതു ഇടങ്ങൾ തുടങ്ങിയ എല്ലായിടത്തും പരിശോധന ശക്തമാക്കിയിട്ടുണ്ട്. ദേശീയ അന്വേഷണ ഏജൻസി അന്വേഷണം ഊർജിതമാക്കി. സുരക്ഷാ കാരണങ്ങൾ മുൻനിർത്തി ലാൽകില മെട്രോ സ്റ്റേഷൻ താല്ക്കാലിമായി അടച്ചിരിക്കുകയാണെന്ന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ അറിയിച്ചു. ചുവപ്പുകോട്ടയിലും നാളെ പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടാകില്ല.

*******************

<u>ഡൽഹി വിമാനത്താവളം-സുരക്ഷ</u>

ദേശീയ തലസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്ത്, ഡൽഹി വിമാനത്താവളത്തിൽ ഉൾപ്പടെ സുരക്ഷാ പരിശോധന വർധിപ്പിച്ചു. യാത്രകൾ ഇതനുസരിച്ച് ക്രമീകരിക്കണമെന്നും വിമാനത്താവളത്തിൽ നേരത്തെ എത്തിച്ചേരണമെന്നും വിമാനത്താവള അധികൃതർ പറഞ്ഞു.

*******************

PIU TVPM

## പ്രസിഡൻറ്

ബോട്സ്വാനയും ഇന്ത്യയും തമ്മിലുള്ള ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. രാഷ്ട്രപതിയുടെ ബോട്സ്വാനാ സന്ദർശനവേളയിൽ ബോട്സ്വാന പ്രസിഡൻറ് ദുമ ബോക്കോയുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ഇന്ന് ബോട്സ്വാന പാർലമെൻറിനെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി ഇന്ത്യൻ സമൂഹവുമായും സംവദിക്കും.

*******************

## തദ്ദേശ തെരഞ്ഞെടുപ്പ് - വിജ്ഞാപനം

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മറ്റന്നാൾ പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. പത്രികകളുടെ സൂക്ഷ്മ പരിശോധന നവംബർ 22 ന് നടക്കും. രണ്ടു ഘട്ടങ്ങളിലായി ഡിസംബർ 9 നും, 11 നുമാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ.

*******************

RNU TVPM

## തദ്ദേശ -ചിഹ്നം

തദ്ദേശതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്ക് ചിഹ്നം ശുപാർശ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള പാർട്ടി ഭാരവാഹികളുടെ ഒപ്പ്, അതത് രാഷ്ട്രീയപാർട്ടികളുടെ സംസ്ഥാന ഭാരവാഹികൾ സാക്ഷ്യപ്പെടുത്തി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കൂടാതെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ പരിശോധിക്കാൻ ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

*******************

## എന്യൂമറേഷൻ ഫോം വിതരണം

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ എന്യൂമറേഷൻ ഫോം വിതരണം പുരോഗമിക്കുന്നു. ഈ മാസം 25നകം ആദ്യഘട്ട എന്യൂമറേഷൻ ഫോം വിതരണം പൂർത്തീകരിക്കും.

*******************

## ബ്ലൂ ഫ്ളാഗ് പദവി (ഇൻട്രോ)

തുടർച്ചയായ ആറാം തവണയും അന്താരാഷ്ട്ര ബ്ലൂ ഫ്ളാഗ് പദവി നിലനിർത്തി കോഴിക്കോട് കാപ്പാട് ബീച്ച്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പരിപാലിച്ചുവരുന്ന ബീച്ചിൽ നടപ്പാക്കുന്ന കാട്ട് ഓർക്കിഡുകളുടെ പുനരധിവാസം പദ്ധതിക്ക് മികച്ച പ്രവർത്തനങ്ങളുടെ മത്സര വിഭാഗത്തിൽ ഒന്നാം സ്ഥാനവും ലഭിച്ചു.

കൂടുതൽ വിവരങ്ങളുമായി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.

(വോയ്സ്)

RNU TVPM

*******************

## സ്ക്രീനിംഗ് കമ്മിറ്റി

സംസ്ഥാനത്ത് മാതൃക പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി ആവശ്യമായ സർക്കാർ ഫയലുകൾ പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചു. സ്ക്രീനിങ് കമ്മിറ്റിയുടെ ശുപാർശ ഇല്ലാത്ത പ്രൊപ്പോസലുകൾ വകുപ്പുകൾ നേരിട്ട് തിരഞ്ഞെടുപ്പ് കമ്മീഷന് അയക്കാൻ പാടില്ലെന്ന് നിർദേശിച്ചിട്ടുണ്ട്.

*******************

## ഗാന്ധിജി - പ്രക്ഷേപണ ദിനം

ദേശീയ പൊതു സേവന പ്രക്ഷേപണ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ആകാശവാണി ഭവനിൽ പ്രത്യേക പരിപാടികൾ നടന്നു. പ്രസാർഭാരതി ചെയർമാൻ നവനീത് കുമാർ സെഹ്ഗാൾ പരിപാടികളിൽ പങ്കെടുത്തു. നിരവധി

കലാകാരന്മാർ പ്രത്യേക പരിപാടികളുടെ ഭാഗമായി. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി ഓൾ ഇന്ത്യ റേഡിയോയിൽ തത്സമയ അഭിസംബോധന നടത്തിയതിൻറെ സ്മരണയ്ക്കായാണ് ദിനാചരണം.

*******************

## ആരോഗ്യമന്ത്രാലയം

വായു മലിനീകരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ആരോഗ്യ സുരക്ഷാ മാർഗനിർദേശം പുറപ്പെടുവിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം. നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ ചെസ്റ്റ് ക്ലിനിക്കുകൾ സ്ഥാപിക്കാൻ മന്ത്രാലയം നിർദേശിച്ചു. വായു മലിനീകരണം ഏറ്റവും കൂടുതലുള്ള മാസങ്ങളിൽ ഈ ക്ലിനിക്കുകൾ ദിവസവും കുറഞ്ഞത് രണ്ട് മണിക്കൂറെങ്കിലും പ്രവർത്തിക്കണം. ഉയർന്ന വായു മലിനീകരണമുള്ള സ്ഥലങ്ങൾ ഒഴിവാക്കണമെന്നും, മലിനീകരണമുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നും മന്ത്രാലയം നിർദേശിച്ചു.

RNU TVPM

*******************

## മണ്ണാറശ്ശാല (ഇൻട്രോ)

ആലപ്പുഴ മണ്ണാറശ്ശാല നാഗരാജ ക്ഷേത്രത്തിലെ ആയില്ല്യം ഉത്സവ ചടങ്ങുകൾ പുരോഗമിക്കുന്നു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ.
(വോയ്സ്)

*******************

## മഴ

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നാളെയും മഞ്ഞ

ജാഗ്രതയാണ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് ഇന്ന് മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്ക്.

*******************

## ജില്ലാ കലോത്സവം (ഇൻട്രോ)

മോഹൻലാലിന്റെ  ജീവിതം 'മൈമിലൂടെ അരങ്ങിലെത്തിച്ച് വിസ്മയം തീർത്ത് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് മോഡൽ സ്കൂൾ വിദ്യാർഥികൾ. മോഹൻലാലിന്റെ ബാല്യം മുതൽ ദാദാസാഹിബ് ഫാൽക്കെ വരെയുള്ള യാത്രയാണ് കുട്ടികൾ  പുനരാവിഷ്കരിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്

(വോയ്സ്)

*******************

## തൃശ്ശൂർ പുത്തൂർ സുവോളജിക്കൽ പാർക്ക്

തൃശ്ശൂർ പുത്തൂർ സുവോളജിക്കൽ പാർക്കിൽ മാനുകൾ ചത്തത് തെരുവുനായ ആക്രമണത്തെ തുടർന്നെന്ന് സ്ഥിരീകരിച്ച് ഗവൺമെന്റ് വെറ്ററിനറി സർജൻ ഡോ. അരുൺ സക്കറിയ. ക്യാപ്ചർ മയോപ്പതിയാണ് മാനുകളുടെ മരണത്തിനിടയാക്കിയത്. നായകളുടെ ആക്രമണത്തിന്റെ പാടുകൾ മാനിന്റെ ശരീരത്തിലുണ്ട്. എല്ലാ കൂടുകളുടെയും സുരക്ഷ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുമെന്നും ഡോ. അരുൺ സക്കറിയ പറഞ്ഞു.

*******************

## കുതിരാനിൽ പ്രത്യേക ആക്ഷൻ പ്ലാൻ

തൃശ്ശൂർ കുതിരാനിൽ ഒറ്റയാനെയും ആനക്കൂട്ടത്തെയും തുരത്താൻ പ്രത്യേക ആക്ഷൻ പ്ലാൻ തുടങ്ങിയതായും ഡോക്ടർ അരുൺ സക്കറിയ പറഞ്ഞു. ഇത് സംബന്ധിച്ച് പീച്ചിയിൽ ഇന്ന് ഉന്നതതലയോഗം ചേരും. ആനയെ മയക്കു വെടി വച്ച് പിടികൂന്നത് കുതിരാനിൽ പ്രായോഗികമല്ലാത്തതിനാൽ ആനയെ കാടുകയറ്റാൻ ദിവസങ്ങൾ നീണ്ട ദൗത്യത്തിന് വനംവകുപ്പ് നീക്കം തുടങ്ങിയതായും അരുൺ സക്കറിയ പറഞ്ഞു.

RNU TVPM

*******************

## ജില്ല സ്കൂൾ കലോത്സവം

തിരുവനന്തപുരം ജില്ല സ്കൂൾ കലോത്സവം ഈ മാസം 25 മുതൽ 29 വരെ ആറ്റിങ്ങലിൽ നടക്കും. ആറ്റിങ്ങൽ മോഡൽ വൊക്കേഷണൽ ആന്റ് ഹയർ സെക്കൻഡറി സ്കൂൾ പ്രധാനവേദിയാകും. ജില്ലയിലെ 12 ഉപജില്ലകളിൽ നിന്നായി മുപ്പതിനായിരത്തിൽപ്പരം വിദ്യാർഥികൾ മത്സരരംഗത്തുണ്ടാകും.

*******************

## പിഎം ശ്രീ

പിഎം ശ്രീ പദ്ധതിയുടെ തുടർ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് സംസ്ഥാന സർക്കാർ കത്ത് അയച്ചതായി മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

*******************

## അഖിലേന്ത്യാ സഹകരണ വാരാഘോഷം

തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 72-ാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ ഉദ്ഘാടന- സമാപന സമ്മേളനങ്ങൾ മാറ്റിവെച്ചു. മറ്റെന്നാൾ തൃശ്ശൂർ നടത്താൻ തീരുമാനിച്ച ഉദ്ഘാടന സമ്മേളനവും 20-ന് ആലപ്പുഴ നടത്താനിരുന്ന സമാപന സമ്മേളനവും എല്ലാ ജില്ലകളിലും താലൂക്കുകളിലും നടത്താനിരുന്ന ആഘോഷ പരിപാടികളും മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

*******************

RNU TVPM

## കാൻസർ നിർണയ പരിശോധന

ലോക ഗർഭാശയ ഗള കാൻസർ നിർമ്മാർജ്ജന ദിനമായ ഈ മാസം 17ന് തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ, 25-നും 60-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്കായി സൗജന്യ ഗർഭാശയ ഗള കാൻസർ നിർണയ പരിശോധന നടത്തും. പങ്കെടുക്കുന്നതിന് 0471 252 22 99 എന്ന നമ്പറിൽ രാവിലെ 10-നും വൈകിട്ട് നാലിനും ഇടയിൽ വിളിച്ച് രജിസ്റ്റർ ചെയ്യണം.

*******************

*************

******

RNU TVPM